| 2010, ഖുത്ബ നമ്പര്‍ - 49 |
|---|

بسم الله الرحمن الرحيم

03.12.2010
ബൈതുല്‍ ഫുതൂഹ്
ലണ്ടന്‍

# പ്രാര്‍ത്ഥനയില്‍ മുഴുകുക. ക്ഷമ കൈവിടാതെ മുന്നേറുക. വിജയം സുനിശ്ചിതം

ശത്രുക്കള്‍ ശത്രുതയുടെ മൂര്‍ദ്ധന്യത്തില്‍ എത്തുമ്പോള്‍ അല്ലാഹുവിന്റെ ആളുകളെ ഉന്‍മൂലനം വരുത്തുന്നതിനായി വിവിധങ്ങളായ മാര്‍ഗ്ഗങ്ങള്‍ അവലംബിക്കുന്നു. വിവിധ മാര്‍ഗ്ഗങ്ങളിലൂടെ അവര്‍ക്ക് നാശനഷ്ടം വരുത്തുന്നതിന് പണ്ഢിതര്‍ ആസൂത്രണം ചെയ്യുന്നു. ജീവനും സ്വത്തും നശിപ്പിക്കുന്നതില്‍ അവര്‍ കഴിയുംവിധം ശ്രമിക്കുന്നു. ഏതു പ്രായത്തിലുള്ളവരെയും ഏതു തരം ആളുകളെയും അവര്‍ മാനസികമായി പീഢിപ്പിക്കുകയും അവരുടെ മനസ്സിന്റെ സ്വസ്ഥത ഇല്ലാതാക്കുന്നതിനുവേണ്ടി അധമവും മനുഷ്യത്വം തൊട്ടുതീണ്ടിയിട്ടില്ലാത്തതുമായ ക്രൂരമായ നടപടികള്‍ അവര്‍ ചെയ്യുകയും ചെയ്യുന്നു. കുഞ്ഞുങ്ങളേയോ വൃദ്ധരേയോ സ്ത്രീസമൂഹത്തേയോ ഒന്നും അവര്‍ വകവെക്കുകയില്ല. നിഷ്ഠൂരവും മൃഗീയവുമായ രീതി അവര്‍ സ്വീകരിക്കുന്നു. അല്ലാഹുവിന്റെ ആളുകളെ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതില്‍ നിന്നും അകറ്റാനാണ് ഇവ്വിധ പ്രവര്‍ത്തനങ്ങളെക്കൊണ്ട് അവര്‍ ആഗ്രഹിക്കുന്നത്. ആ സമയത്ത് ക്ഷമയും സ്ഥിരചിത്തതയും പ്രകടിപ്പിക്കുന്ന വിശ്വാസികള്‍ അല്ലാഹുവിന്റെ മുമ്പില്‍ കുമ്പിട്ടുകൊണ്ട് അവനോട് സഹായം തേടുന്നു. ശത്രുക്കളുടെ അക്രമത്തിന്റെ ഈ മൂര്‍ദ്ധന്യാവസ്ഥയും അതോടൊപ്പം വിശ്വാസികള്‍ ആ സമയത്ത് പ്രകടിപ്പിക്കുന്ന മാതൃകയും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തന്റെ ഒരു കവിതയില്‍ ഇപ്രകാരം വിവരിക്കുന്നു.

*അദുവ്വ് ജബ് ഭഡ്ഗയാ ശോറോ ഫുഗാ മേ*
*നിഹാം ഹം ഹോഗയെ യാറേ നിഹാമേ*

ശത്രു ഒച്ചവെക്കലിലും കൂക്കുവിളിയിലും മുഴുകിയപ്പോള്‍ നാം ഗോപ്യനായ നമ്മുടെ ദൈവത്തിന്റെ സവിധത്തില്‍ ഗുപ്തനായി മര്‍ദ്ദിതരും നിസ്സഹായരുമായ വിശ്വാസികളുടെ അവസ്ഥയാണിത്. അവരുടെ ഈ നിസ്സഹായതയ്ക്കും മര്‍ദ്ദനങ്ങള്‍ക്കും പകരമായി അവര്‍ ചെയ്യുന്നത് ദൈവത്തിന്റെ സവിധത്തില്‍ കുമ്പിടലാണ്. ഈ അവസ്ഥയാണ് ഒരു വിശ്വാസി സ്വീകരിക്കേണ്ടത്. ഈ ഒരവസ്ഥ ചില മുസ്‌ലിം നാടുകളില്‍ അഹ്മദികളിലല്ലാതെ മറ്റാരിലും കാണുന്നതല്ല. ഈ ക്രൂരതയുടെ പാരമ്യത പാക്കിസ്ഥാനില്‍ ദിനേന നാം കണ്ടുകൊണ്ടിരിക്കുകയാണ്.

ഈ പദ്യത്തില്‍ ഒരു ഭാഗത്ത് ശത്രുവിന്റെ ശത്രുതയുടെ പാരമ്യാവസ്ഥ വിവരിക്കുന്നുണ്ട്. അതോടൊപ്പം അല്ലാഹുവിന്റെ തൃപ്തിയില്‍ തൃപ്തരായവരുടെ ക്ഷമയും സഹനവും കാരണം അല്ലാഹുതആലയുടെ മുമ്പില്‍ ആദ്യത്തേക്കാളുപരി കുമ്പിടുന്ന അവസ്ഥയും വിവരിക്കുന്നുണ്ട്. വിശ്വാസികള്‍ ശത്രുക്കളോട് ഒരു കാര്യം ഇവിടെ വ്യക്തമാക്കുകയാണ്. നിങ്ങള്‍ ഈ അക്രമവും അനീതിയും ക്രൂരതയും മര്‍ദ്ദനവും എല്ലാം തന്നെ ഞങ്ങളില്‍ അഴിച്ചുവിടാനുള്ള കാരണം ഞങ്ങള്‍ പേടിച്ച് നിങ്ങളുടെ പിന്നാലെ കൂടും എന്നും നിങ്ങളുടെ മുമ്പില്‍ കൈക്കൂപ്പി കാരുണ്യത്തിനായി ഞങ്ങള്‍ യാചിക്കും എന്നും നിങ്ങളുടെ കാലുപിടിച്ച് ജീവിതത്തിനായി കെഞ്ചുമെന്നും നിങ്ങള്‍ കരുതിയിരിക്കും. എന്നാല്‍ ഇതെല്ലാം മറന്നേക്കൂ. ഞങ്ങള്‍ ആ മഹാനായ പ്രവാചകന്‍ ﷺ യെ അംഗീകരിക്കുന്നവരാണ്; ആ പ്രവാചകന്‍ സഹനത്തിന്റെയും ധൈര്യത്തിന്റെയും ഉത്തമമാതൃക പ്രകടിപ്പിച്ചു എന്ന് മാത്രമല്ല, തന്റെ സഹാബാക്കളില്‍ തന്റെ വിശുദ്ധീകരിക്കുന്ന ശക്തി മുഖേന ക്ഷമയുടേയും സഹനത്തിന്റെയും ഉത്തമ മാതൃകകള്‍ സൃഷ്ടിക്കുകയും ചെയ്തു. കഴിഞ്ഞ ഖുതുബകളില്‍ ഉദാഹരണങ്ങള്‍ ഞാന്‍ കേള്‍പ്പിച്ചിരുന്നു. സഹാബാക്കള്‍ മര്‍ദ്ദനം സഹിച്ചുകൊണ്ട് അഹദ് അഹദ് എന്ന് പറഞ്ഞെങ്കിലും ഏതെങ്കിലും ബിംബത്തിന് അവര്‍ സിന്ദാബാദ് വിളിച്ചിട്ടില്ല. മര്‍ദ്ദനം അതിക്രമിച്ചപ്പോള്‍ അവരുടെ സുജൂദിന്റെ സ്ഥലം ദൈവസവിധത്തില്‍ തേങ്ങലടിച്ചുകൊണ്ട് നനഞ്ഞു കുതിരുകയുണ്ടായി. ഏതെങ്കിലും ബിംബത്തിന്റെയോ പൂജാരിയുടെ മുമ്പിലോ അവര്‍ തല കുനിച്ചില്ല.

ആ മാതൃകകള്‍ സ്വായത്തമാക്കാനാണ് നാം കല്‍പിക്കപ്പെട്ടിരിക്കുന്നത്. അതിനാല്‍ ഈ അടിസ്ഥാനതത്ത്വം മറന്നുകൊണ്ട് അഹ്മദിയ്യത്തിന്റെ വൈരികളുടെ പിന്നാലെ നമുക്കെങ്ങനെ കൂടാന്‍ സാധിക്കും. നമ്മുടെ വിശ്വാസത്തില്‍ നിന്നും നമ്മെ പിന്‍തിരിപ്പിക്കാനുള്ള അവരുടെ ഓരോ പ്രവര്‍ത്തനവും അവരിലേക്ക് തന്നെ തിരിച്ചടിക്കപ്പെടുന്നതാണ്. ഇവരുടെ എല്ലാ പദ്ധതികളും തകര്‍ന്നടിയുന്നതാണ്. ഇവരുടെ മോഹങ്ങള്‍ ഒന്നും പൂവണിയില്ല. കാരണം വാഗ്ദാനം പൂര്‍ത്തിയാക്കുന്ന നമ്മുടെ അല്ലാഹുവിനെ നാം മനസ്സിലാക്കിയിരിക്കുന്നു. നാം നബി ﷺ യുടെ യഥാര്‍ത്ഥ ശിഷ്യനോടുള്ള അല്ലാഹുവിന്റെ പ്രകടമായ സാക്ഷ്യം കണ്ടവരാണ്. തിരുനബി ﷺ യുടെ പ്രവചനങ്ങള്‍ പുലര്‍ന്നത് നാം കണ്ടതാണ്. ഇതെല്ലാമായിരിക്കെ ഈ ഭീഷണിപ്പെടുത്തുന്നവരെയും അക്രമികളേയും ഭയപ്പെട്ട് നമ്മുടെ ദൈവത്തെ എങ്ങിനെ കൈവിടാന്‍ നമുക്ക് സാധിക്കും. ആ ദൈവം പരീക്ഷണ ഘട്ടങ്ങളിലും കഷ്ടപ്പാടിലും എല്ലാം സ്വാന്തനം നല്‍കിക്കൊണ്ടാണ് ജമാഅത്തിനെ മുന്നോട്ടുകൊണ്ടുപോയിട്ടുള്ളത്. തിരുനബി ﷺ യിലും ആ മഹാത്മാവിന്റെ പ്രിയ പ്രേമിയിലുമുള്ള നമ്മുടെ വിശ്വാസത്തെ അവന്‍ ഒന്നുകൂടി ഊട്ടി ഉറപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് നാം നമ്മുടെ ദൈവത്തെ വിട്ടുകൊണ്ട് നമ്മുടെ മുമ്പില്‍ ഒരു ചില്ലിക്കാശിനുപോലും വിലയില്ലാത്ത ഇവരെ ദൈവമാക്കുക എന്നത് സാധ്യമേ അല്ല. അങ്ങനെ നമ്മുടെ വിശ്വാസം പാഴാക്കാന്‍ നാം തയ്യാറല്ല. ഇരുലോകത്തും അല്ലാഹുവിന്റെ സ്നേഹത്തില്‍ നിന്ന് അകറ്റപ്പെടാനും നാം തയ്യാറല്ല. അവര്‍ ഇതും കരുതിയാണ് നമ്മെ ആക്രമിക്കുന്നതെങ്കില്‍ ഇവരെക്കാളും വലിയ തല തിരിഞ്ഞവര്‍ ലോകത്തുണ്ടാകില്ല. ഈ ചിന്തയും വെച്ചുകൊണ്ട് അഹ്മദികളെ പീഢിപ്പിക്കുകയാണെങ്കില്‍ ഇത് ഇവരുടെ പമ്പരവിഡ്ഢിത്തമെന്നല്ലാതെ എന്തുപറയാന്‍. ഈ പ്രയാസങ്ങളും കഷ്ടതകളും ഞങ്ങളെ ദൈവത്തില്‍ നിന്നും അകറ്റുന്നതിന് പകരം അവനിലേക്ക് ഞങ്ങളെ അടുപ്പിക്കുകയാണ് ചെയ്യുക. ഞങ്ങള്‍ വിശ്വാസത്തില്‍ പൂര്‍ണ്ണത കൈവ

രിക്കാൻ പരിശ്രമിക്കുന്നവരാണ്. വിശുദ്ധഖുർആൻ അവരെക്കുറിച്ച് പറയുന്നു.

ٱلَّذِينَ قَالَ لَهُمُ ٱلنَّاسُ إِنَّ ٱلنَّاسَ قَدْ جَمَعُوا لَكُمْ فَٱخْشَوْهُمْ فَزَادَهُمْ إِيمَٰنًا وَقَالُوا حَسْبُنَا ٱللَّهُ وَنِعْمَ ٱلْوَكِيلُ ﴿١٧٤﴾

അവരോട് ശത്രുക്കൾ പറഞ്ഞു. ജനങ്ങൾ നിങ്ങൾക്കെതിരിൽ ഒന്നിച്ചിരിക്കുന്നു. അതുകൊണ്ട് അവരെ നിങ്ങൾ ഭയപ്പെടുക. ഈ കാര്യം അവരുടെ വിശ്വാസത്തെ ഒന്നുകൂടി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു.അല്ലാഹുവിന്റെ അധീനത്വം ഞങ്ങൾക്ക് മതിയായതാണ്. സംരക്ഷകൻ എന്ന നിലയിലാണ് അവൻ എത്ര നല്ലവനാണ്.

ശത്രുക്കൾ ഒന്നിക്കുന്നതും അവരുടെ സംഘടിത ശക്തിയും ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത് കാണുമ്പോൾ തിരുനബി ﷺ യുടെ പ്രവചനം പുലരുന്നതായി ഞങ്ങൾ കാണുന്നു. ആ പ്രവചനങ്ങളിൽ വിശ്വാസം വർദ്ധിക്കുന്നു. അല്ലാഹുവിന്റെ സഹായ ഹസ്തത്താൽ സ്ഥാപിതമായ ജമാഅത്തിന്നെതിരിൽ മറ്റെല്ലാ ഗ്രൂപ്പുകളും സംഘങ്ങളും ഒന്നായിച്ചേരുന്നു. ഇവിടെ എല്ലാം ഒന്നായിത്തീർന്നിരിക്കുന്നു. മുമ്പ് പ്രവാചകൻമാർക്കെതിരിൽ ശത്രുക്കൾ ഒന്നായിത്തീർന്നപ്പോൾ അല്ലാഹുവിന്റെ ആളുകൾ അല്ലാഹുവിന്റെ സവിധത്തിൽ തങ്ങളെ സമർപ്പിക്കുകയുണ്ടായി. അവന്റെ സംരക്ഷണത്തിൽ വന്നുകൊണ്ട് حَسْبُنَا ٱللَّهُ എന്ന മുദ്രാവാക്യം അവർ മുഴക്കുന്നു. ഞങ്ങൾക്ക് അല്ലാഹു മതി. മറ്റൊരു സംരക്ഷണത്തിന്റെ ആവശ്യം ഞങ്ങൾക്കില്ല. ഞങ്ങൾ ഞങ്ങളുടെ നാഥന്റെ സംരക്ഷണത്തിൽ വരുന്നു. അവൻ ഹസീബാണ്. ഞങ്ങളുടെ ശത്രുക്കളെ ശിക്ഷിക്കാൻ മതിയായവനാണ്. ശത്രുക്കളോട് പകരം വീട്ടാൻ കഴിവുള്ളവനാണ്. അവൻ ശത്രുക്കളോട് പകരം വീട്ടുകമാത്രമല്ല ചെയ്യുക, അക്രമങ്ങളും പ്രയാസങ്ങളും സഹിക്കുന്നതു കാരണം വിശ്വാസികൾക്ക് അനുഗ്രഹങ്ങൾ നൽകുകയുംകൂടി ചെയ്യുന്നു.

ഇവിടെ അല്ലാഹു ഹസീബ് ആണെന്ന് എല്ലാ നിലക്കും തെളിയിക്കുകയാണ്. അല്ലാഹു വിശ്വാസികൾക്ക് എല്ലാ കാര്യങ്ങൾക്കും എങ്ങനെയാണ് മതിയായിത്തീരുന്നത്. കാരണം ഉത്തമനായ കാര്യനിർവ്വാഹകൻ കൂടിയാണവൻ. അവനെക്കാളും നല്ല രീതിയിൽ തന്റെ ദാസരുടെ കാര്യങ്ങൾ മറ്റാർക്കാണ് മനസ്സിലാക്കാൻ കഴിയുക. അല്ലാഹുവിന്റെ ദാസൻ അവന്റെ മുമ്പിൽ പൂർണ്ണമായും വണങ്ങിക്കൊണ്ട് തന്റെ കാര്യങ്ങളെല്ലാം അവന്റെ മുമ്പിൽ ബോധ്യപ്പെടുത്തുകയും അവനിൽ ആശ്രയിക്കുകയും ചെയ്യുമ്പോൾ അവനെ എതിർക്കുന്നവരെ അവൻ പിടികൂടുന്നതോടൊപ്പം തന്റെ ദാസർക്ക് അനുഗ്രഹത്തിന്റെ സുവാർത്ത നൽകുകയും ചെയ്യുന്ന وَبَشِّرِ ٱلصَّٰبِرِينَ എന്ന സ്വാന്തനം അവർക്ക് നൽകുന്നു. ഇതിന്റെ വിശദീകരണം കഴിഞ്ഞ ഖുത്വുബകളിൽ നൽകിയിട്ടുണ്ട്.

അല്ലാഹുവിന്റെ സവിധത്തിൽ വിലയം പ്രാപിക്കുന്നവർ ദൈവനാമത്തിൽ അവർക്കേൽക്കേണ്ടിവരുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ദൈവപ്രീതിക്കായി സഹിക്കുകയും ക്ഷമിക്കുകയും ചെയ്യുന്നു. അങ്ങനെ ഉള്ളവരെക്കുറിച്ച് അല്ലാഹു പറയുന്നു.

أُولَٰٓئِكَ عَلَيْهِمْ صَلَوَٰتٌ مِّن رَّبِّهِمْ وَرَحْمَةٌ ۖ وَأُولَٰٓئِكَ هُمُ ٱلْمُهْتَدُونَ ﴿١٥٨﴾

ഇങ്ങിനെയുള്ളവരിലാണ് അവരുടെ നാഥനിൽ നിന്ന് അവർക്ക് അനുഗ്രഹങ്ങൾ ചൊരിയപ്പെടുന്നത്. കാരുണ്യവും അവരിൽ ഇറക്കപ്പെടുന്നു. നേർമാർഗ്ഗപ്രാപ്തരും ഇവർതന്നെ.

നാനാതരം പ്രയാസങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും മാനസിക പീഢനങ്ങൾക്കുപോലും വശംവദരായിരുന്നിട്ടുകൂടി അല്ലാഹുവിന്റെ സവിധം വിടാതെ മുമ്പത്തെക്കാളുപരി അവനിൽ വിലയം പ്രാപിക്കാൻ പരിശ്രമിക്കുന്നവർക്ക് അവനോട് കൂടുതൽ അടുക്കാൻ പരിശ്രമിക്കുന്നവർക്ക് ആത്മീയ ഉന്നതി കരഗതമാക്കും എന്ന് മാത്രമല്ല അല്ലാഹു പറയുന്നു. അവർക്ക് ഭൗതികമായ അനുഗ്രഹങ്ങളും ലഭിക്കുന്നതാണ്. നേർമാർഗ്ഗം പ്രാപിച്ചവർ ഇവർ തന്നെയാണെന്ന സാക്ഷ്യപത്രവും അല്ലാഹു അവർക്ക് നൽകുന്നതാണ്.

അഹ്മദിയ്യത്തിന്റെ എതിരാളികൾ എത്ര പറഞ്ഞാലും ശരി, ഞങ്ങളെല്ലാം നിങ്ങൾക്കെതിരിൽ ഒന്നിച്ചിരിക്കുന്നു എന്നും നിങ്ങളെ ഇസ്‌ലാമിൽ നിന്ന് പുറത്താക്കാൻ ഞങ്ങളെല്ലാം തീരുമാനമെടുത്തിരിക്കുന്നു എന്നും ,ഞങ്ങളാണ് സത്യത്തിൽ നിലകൊള്ളുന്നവർ എന്ന് പറഞ്ഞാലും ഞങ്ങൾക്ക് തരിമ്പും വിലയില്ല. കാരണം അല്ലാഹു പറയുന്നു. പരീക്ഷണങ്ങളും കഷ്ടപ്പാടുകളും സഹിച്ചുകൊണ്ട് ഒരു വിശ്വാസി എന്റെ മുമ്പിൽ കുമ്പിടുമ്പോൾ എനിക്കായി പ്രയാസങ്ങൾ സഹിക്കുമ്പോൾ വൻജനക്കൂട്ടത്തിനെ നേരിട്ടുകൊണ്ട് തങ്ങളുടെ വിശ്വാസത്തെ സംരക്ഷിക്കുമ്പോൾ, പ്രയാസങ്ങൾ വരുമ്പോൾ إِنَّا لِلَّٰهِ وَإِنَّآ إِلَيْهِ رَٰجِعُونَ എന്ന് പറഞ്ഞ് നിശബ്ദരാകുമ്പോൾ ഇക്കൂട്ടർ തന്നെയാണ് സന്മാർഗ്ഗം കരസ്ഥമാക്കിയവർ. എതിരാളികൾ എല്ലാം ഒറ്റക്കെട്ടാകുന്നത് അവർ നേർമാർഗ്ഗ പ്രാപ്തരാണെന്നതിന് തെളിവല്ല. തിരുനബി ﷺ പറഞ്ഞപ്രകാരം വാഗ്ദത്ത മസീഹിന്റെ കാലത്ത് എല്ലാ കക്ഷികളും ഒന്നായിത്തീരുന്നതാണ്, ഒരു കക്ഷി ഒഴികെ. ആ കക്ഷിയായിരിക്കും നേർമാർഗ്ഗപ്രാപ്തർ. യഥാർത്ഥത്തിൽ അവരെല്ലാം ഒറ്റക്കെട്ടാണെന്നത് അവർക്കെതിരിലുള്ള സാക്ഷ്യമാണ്. ഇവരുടെ ഐക്യം ഹിദായത്തിനുള്ള തെളിവല്ല. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതും പ്രയാസങ്ങളിലും ദുഃഖങ്ങളിലും അവന്റെ മുമ്പിൽ കുമ്പിടുന്നതും പ്രതികാരം ചെയ്യാതെ ക്ഷമയും സഹനവും കാണിച്ചുകൊണ്ട് അതിനെയെല്ലാം സഹിക്കുകയും സഹിച്ചുകൊണ്ടു ഇരിക്കുകയും അല്ലാഹുവിന്റെ മുമ്പിൽ മുമ്പത്തെക്കാളുപരി കുമ്പിടുന്നതും എല്ലാമാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും കാരുണ്യത്തിനും കാരണമായിത്തീരുന്നത്.

ഈ ഒരു വിഭാഗം ഇന്ന് അംഗബലത്തിൽ കുറവാണെങ്കിലും ഹിദായത്ത് ലഭിച്ചവർ ദൈവദൃഷ്ടിയിൽ ഇവരാണ്. ലോകത്തിന് വഴികാട്ടാൻ കാരണക്കാരാവുന്നതും إِن شَاءَ ٱللَّهُ ഇവരായിരിക്കും. അതുകൊണ്ട് ഈ ഒരു സ്ഥാനം കരസ്ഥമാക്കുന്നതിനും കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും ഉടമസ്ഥരാകുന്നതിനും നേർമാർഗ്ഗം പ്രാപിച്ചവരാണെന്ന സാക്ഷ്യം ലഭിക്കുന്നതിനും വേണ്ടി അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും അന്വേഷണത്തിൽ മുഴുകേണ്ടത് അനിവാര്യമാണ്. ഇതിന്നായി ആദ്യത്തെ

ചുവട് വെക്കേണ്ടത് ദാസനാണ്. അതിനുശേഷമായിരിക്കും അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അവകാശികളായി മാറുക. ഭൗതികനായ ഒരു വ്യക്തിക്ക് കാണാൻ കഴിയാത്തതും എന്നാൽ ഒരു വിശ്വാസി ആത്മദൃഷ്ടികൊണ്ട് എപ്പോഴും കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന അദൃശ്യനായ തന്റെ നാഥന്റെ മുമ്പിൽ കുമ്പിടുന്നവർക്ക് അവൻ തന്നിലേക്കുള്ള മാർഗ്ഗം കാണിച്ചുകൊടുക്കുന്നതും അവരിൽ തന്റെ മഹത്വം പ്രകടമാക്കുകയും ചെയ്യുന്നു. അങ്ങിനെയുള്ളവർ ദൈവത്തിൽ നിന്നും അവർക്ക് ലഭിച്ച അനുഗ്രഹങ്ങളിൽ തിരിച്ചറിയപ്പെടുന്നതാണ്. അവരുടെ ദുആകൾ സ്വീകരിക്കപ്പെടുന്നതാണ്. അല്ലാഹുവിന്റെ ദാസർ ഭൗതികലോകത്തിന്റെ ഉപദ്രവങ്ങളിൽ നിന്നും സഹിക്കവെയ്യാതെ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുമ്പോൾ അവൻ അവരിലേക്ക് ഓടിവരുന്നു. തന്റെ ദാസനെ സംരക്ഷണത്തിൽ എടുക്കുന്നു. ശത്രുക്കളോട് സ്വയം പ്രതികാരം ചെയ്യുന്നു. തന്റെ ദാസർക്ക് അനുഗ്രഹങ്ങൾ നൽകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുകയുണ്ടായി. ഈ ശക്തിപ്രഭാവനും, അനുഗ്രഹദാതാവുമായ, കാരുണ്യവാനും ദുആ സ്വീകരിക്കുന്നവനുമായ ദൈവത്തിൽ നിങ്ങൾ വിലയം പ്രാപിക്കുക. അവന്റെ സംരക്ഷണത്തിൽ വരാൻ ശ്രമിക്കുക. ഈ ഒരു മരുന്ന് മാത്രമേ വിശ്വാസികൾക്ക് പ്രയോജനം ചെയ്യുകയുള്ളൂ.

ലോകം ഇങ്ങിനെയുള്ള ദൈവദാസരുടെ നേർക്ക് സർവ്വവിധ ഉപദ്രവങ്ങളും അയച്ചുവിടുകയും നാനാതരം പ്രയാസങ്ങളിൽ അവരെ അകപ്പെടുത്തുകയും ചെയ്യുമ്പോൾ അല്ലാഹുവും അവന്റെ മലക്കുകളും അവരുടെ നാഥനിൽ തങ്ങളെ സമർപ്പിക്കുന്നവരിൽ എല്ലാതരം അനുഗ്രഹങ്ങളും വർഷിച്ചുകൊണ്ടിരിക്കുന്നതാണ്. അല്ലാഹുവും മലക്കുകളും ഇപ്രകാരം പ്രഖ്യാപിക്കുന്നുണ്ടാകും.

ലോകരെ നിങ്ങൾ എത്രവലിയ ഫത്‌വകൾ നൽകി ഇവരെ അക്രമത്തിനും ക്രൂരമർദ്ദനത്തിനും ഇരയാക്കിയാലും ശരി ഇവരാണ് അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും അവകാശികളായി മാറുക. അല്ലാഹുവിന്റെ മുമ്പിൽ ഹിദായത്ത് ലഭിച്ചവർ ഇവർ തന്നെയാണ്. ലോകത്തിന്റെ ഹിദായത്ത് ഇവരുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഇവർ അല്ലാഹുവിന്റെ കൽപന അനുസരിച്ച്കൊണ്ട് കാലത്തിന്റെ ഇമാമിനെ അംഗീകരിച്ചവരാണ്.

അതിനാൽ ഇക്കാലത്ത് വിവിധങ്ങളായ പ്രയാസങ്ങളിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുന്നവർ എനിക്ക് കത്തെഴുതുന്നു, അക്രമികളുടെ കുചെയ്തികളിൽ നിന്നും രക്ഷപ്പെടാൻ ദുആക്ക് വേണ്ടി പറയുന്ന അഹ്മദികളോട് എനിക്ക് പറയാനുള്ളത് നിങ്ങളും നിങ്ങളുടെ ദുആകളിൽ കൂടുതൽ ശ്രദ്ധിക്കുക. നേരിട്ട് ഈ ബുദ്ധിമുട്ടുകൾ എതിർക്കേണ്ടി വന്നിട്ടില്ലാത്തവർ അവരുടെ സഹോദരന്മാരേയും സഹോദരിമാരെയും മക്കളെയും ഓർത്ത്കൊണ്ട് അവർ അനുഭവിക്കുന്ന പ്രയാസങ്ങൾ ഓർത്തുകൊണ്ട് അവർക്ക് വേണ്ടിയും പ്രാർത്ഥിക്കുക. സ്വന്തം കാര്യത്തിന് മാത്രം പ്രാർത്ഥിച്ചാൽ പോര. നിങ്ങളുടെ ഭൗതിക കാര്യങ്ങൾ മാത്രം ചിന്തിച്ച് വ്യാകുലരാകാതെ, മർദ്ദനത്തിന്റെ ചക്കിലിട്ട് ആട്ടപ്പെടുന്ന നിങ്ങളുടെ സഹോദരി സഹോദരന്മാരേയും കുട്ടികളെയും കൺമുമ്പിൽ കൊണ്ട്വരിക. സഹതാപത്തോടുകൂടി ചെയ്യുന്ന ഈ പ്രാർത്ഥനകൾ നിങ്ങൾക്ക് ദൈവകൃപ ഇറങ്ങുന്നതിനും ദൈവകാരുണ്യലപ്തിക്കും കാരണമാകുന്നതാണ്.

യഥാർത്ഥ സൻമാർഗ്ഗി യഥാർത്ഥ വിശ്വാസിയാണ്. യഥാർത്ഥ വിശ്വാസി തന്റെ സഹോദരന്റെ വേദന സ്വന്തം വേദനയായി അനുഭവിക്കുകയും ചെയ്യുന്ന ആളാണ്. ശരീരത്തിന്റെ ഒരു ഭാഗം ബുദ്ധിമുട്ടുമ്പോൾ ശരീരം ഒന്നടങ്കം പ്രയാസപ്പെടുന്നതുപോലെ ഒരു വിശ്വാസി മറ്റൊരു വിശ്വാസിയുടെ വേദന അനുഭവിക്കുന്നു.

ഈ പരിതസ്ഥിതിയിൽ ലോകത്തുള്ള എല്ലാ അഹ്മദികളോടും മർദ്ദിതരായ കഷ്ടപ്പാടുകൾ സഹിക്കുന്ന സഹോദരന്മാർക്ക് വേണ്ടി പ്രത്യേകം ദുആ ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുകയാണ്. **ചുരുങ്ങിയത് നിത്യവും രണ്ട് റകഅത്ത് നഫൽ ഇവർക്ക് വേണ്ടി മാത്രം ഓരോ അഹ്മദിയും നിർവ്വഹിക്കുക.** അഹ്മദിയ്യത്തു കാരണം ഏതെങ്കിലും രീതിയിൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്കായി അത് സമർപ്പിക്കുക. കിരാതനിയമം കാരണം ഒരു പൗരന്റെ മൗലിക അവകാശംപോലും നിഷേധിക്കപ്പെടുകയും മതസ്വാതന്ത്ര്യം നിഷേധിക്കപ്പെടുകയും ചെയ്തവരാണവർ. അതേപ്പോലെ ജമാഅത്തിന്റെ വിജയത്തിന്നായും പ്രത്യേകം ദുആ ചെയ്യുക.

ഓരോ അഹ്മദിയും തങ്ങളുടെ ഹൃദയത്തിന്റെ അസ്വസ്തതകളെ അല്ലാഹുവിന്റെ മുമ്പിൽ മുമ്പത്തെക്കാളുപരി സമർപ്പിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ സ്നേഹദൃഷ്ടി ഏതുരീതിയിലാണ് അവരിൽ ഇറങ്ങുന്നതെന്ന് അവർക്ക് കാണാൻ സാധിക്കുന്നതാണ്. മുമ്പത്തെക്കാളും കൂടുതലായി തന്റെ സംരക്ഷണവലയത്തിൽ അല്ലാഹു അവരെ അയക്കുന്നതാണ്. ചില വിദ്യാർത്ഥി വിദ്യാർത്ഥിനികൾ എനിക്ക് കത്തയക്കാറുണ്ട്. ഞങ്ങളുടെ സ്കൂളിലും കോളേജിലും യൂനിവേഴ്സ്റ്റിയിലും ഞങ്ങളുടെ അനഹ്മദി കൂട്ടുകാരികൾ കുത്തുവാക്കുകൾ പറഞ്ഞ് ഞങ്ങളെ വല്ലാതെ ബുദ്ധിമുട്ടിപ്പിക്കുന്നു. ഇത് പഠനത്തെ ബാധിക്കുന്നു. ചില അദ്ധ്യാപകരും പ്രൊഫസർമാർ പോലും വളരെ ഹീനമായ പ്രവർത്തികൾ ചെയ്യുന്നു. അവരുടെ ആ ഉദ്യോഗത്തിന്റെ ആദരവ് പോലും അവർ നിലനിറുത്തുന്നില്ല. ഒരു കാലമുണ്ടായിരുന്നു. അന്ന് അദ്ധ്യാപകർക്ക് ഒരു പ്രത്യേക ആദരവ് ലഭിച്ചിരുന്നു. അവരെ സമൂഹം ആദരിച്ചിരുന്നു. അവർ തിരിച്ചറിയപ്പെട്ടിരുന്നു. മതവൈപരീത്യം വകവെക്കാതെ വിദ്യാർത്ഥികൾക്കായി അവർ ജീവിച്ചിരുന്നു. അവരുടെ വിദ്യാഭ്യാസം അവർ തീർത്തിരുന്നു. ഒരു അദ്ധ്യാപകന്റെ കടമയായിരുന്നു ഇത്. എന്നാൽ ഇന്ന് ധാർമ്മികതയുടെ പൊയ്മുഖമണിഞ്ഞുകൊണ്ട് ഉത്തമ മുസ്‌ലിംകൾ ഞങ്ങളാണെന്ന ലേബലും വെച്ചുകൊണ്ട് നടക്കുന്നവർ അദ്ധ്യാപനമെന്ന ആദരണീയമായ സ്ഥാനത്തെപ്പോലും പിച്ചിച്ചീന്തിയിരിക്കുകയാണ്. അവർ പറയുന്നത് മതത്തോടുള്ള ആവേശമാണിതെന്നാണ്. ഇത് മതത്തോടുള്ളതല്ല, അജ്ഞതയുടെ പാരമ്യതയാണ്. തന്റെ ഉദ്യോഗത്തോടുപോലും നീതി പുലർത്താൻ കഴിയാത്തവർ ഇസ്‌ലാമിന്റെ ബാലപാഠം പോലും മനസ്സിലാക്കാത്തവരാണ്. തങ്ങളുടെ വിദ്വേഷവും പകയും കാരണം നീതി നടപ്പിൽ വരുത്താൻ കഴിയാത്ത ഇവർ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളിൽ നിന്നും മുഖം തിരിക്കുന്നവരാണ്. അല്ലാഹു പറയുന്നു.

وَلَا يَجۡرِمَنَّكُمۡ شَنَاٰنُ قَوۡمٍ عَلٰٓى اَلَّا تَعۡدِلُوۡا ؕ اِعۡدِلُوۡا

ഒരു സമൂഹത്തോടുള്ള ശത്രുത ആ സമൂഹത്തോട് നീതി

പുലർത്തുന്നതിൽ നിന്നും നിങ്ങളെ തടയാതിരിക്കട്ടെ. ഇവർ പഠിച്ച വിഢ്ഢികളാണ്. അജ്ഞരായ മുല്ലാക്കളുടെ കൂടെകൂടി സ്വന്തം തൊഴിലിനോട് അനീതി കാണിക്കുന്നതോടൊപ്പം അല്ലാഹുവിന്റെ കൽപനയെക്കൂടി നിഷേധിക്കുകയാണ് ചെയ്യുന്നത്. എന്നിട്ട് അവർ പറയുന്നത് ഞങ്ങളാണ് ഹിദായത്ത് ലഭിച്ചവരെന്നാണ്.

ഈ അക്രമത്തിൽ നിന്നും അതിക്രമത്തിൽ നിന്നും മോചനത്തിനുള്ള ഒരേയൊരുവഴി ഒരു വിശ്വാസിക്കുള്ളത് അവൻ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുക എന്നത് മാത്രമാണ്. ഗോപ്യനായ അല്ലാഹുവിൽ ശരിക്കും ഗുപ്തനായിത്തീരുക. അവനിൽ ലയിക്കുക.

ഈ അക്രമങ്ങൾ പാക്കിസ്ഥാനിൽ മാത്രം ഒതുങ്ങുന്നില്ല. ചില സമ്പന്നമുസ്‌ലിം രാഷ്ട്രങ്ങൾ എണ്ണപണത്തിന്റെ ഹുങ്കിൽ ദരിദ്ര നാടുകളിൽ വെറുപ്പിന്റെ മതിലുകൾ കെട്ടിപ്പടുക്കുകയാണ്. തെളിവുകൊണ്ട് നേരിടാൻ ഇവർക്കാകില്ല. തെളിവുകൾ കൊണ്ട് നേരിടാൻ കഴിയുമെങ്കിൽ അവർ നേരിടുകയാണ് വേണ്ടത്. എന്നാൽ അവരുടെ പക്കൽ തെളിവൊന്നുമില്ല. അതിനാൽ വിദ്വേഷത്തിന്റെയും പകയുടേയും വെറുപ്പിന്റെയും മതിലുകൾ സ്ഥാപിക്കുകയല്ലാതെ മറ്റൊരു വഴിയും അവരുടെ പക്കലില്ല. അവരുടെ സാമ്പത്തിക ശക്തിയുടെ മറവിൽ ചില സ്ഥലങ്ങളിൽ അഹ്മദികളുടെ മേൽ ചില വിലക്കുകൾ ഏർപ്പെടുത്താൻ ശ്രമിക്കുന്നു. ദരിദ്രരാഷ്ട്രങ്ങൾക്ക് (ആഫ്രിക്കയിലെ ചില രാഷ്ട്രങ്ങൾക്ക്) അവർ സഹായം നൽകുന്നു. എന്നാൽ അവിടെയുള്ള അഹ്മദികൾ വിശ്വാസത്തിൽ ശക്തരാണ്. ഈ എതിർപ്പുകൾ അവർക്കൊരു പ്രശ്നമേ അല്ല. അറബിനാട്ടിലെ എതിരാളികൾ പറയാറുള്ളത് ഞങ്ങൾ അറബികളാണ്. ഞങ്ങളെക്കാളും ഖുർആൻ അറിയുന്നവർ മറ്റാരുണ്ട്. ഞാൻ നേരത്തെ പറഞ്ഞ ഒരു കൽപന അതാണ് ഒരു സമൂഹത്തോടുള്ള ശത്രുത അവരോട് നീതി പാലിക്കുന്നതിൽ തടസ്സം നിൽക്കരുത്, എന്നത് അവർ മനസ്സിലാക്കാൻ തയ്യാറാകുന്നില്ല. അതനുസരിച്ച് പ്രവർത്തിക്കുന്നില്ല. ഖുർആൻ അറിയുക എന്നത് മറ്റൊരു കാര്യം. അവർക്കറിയാമായിരിക്കാം. എന്നാൽ ഖുർആന്റെ കൽപനകളെ അവർ മറന്നിരിക്കുകയാണ്. അതുകൊണ്ടാണ് ഇക്കാലത്ത് വാഗ്ദത്ത് മസീഹിന്റെ ആവശ്യം നേരിട്ടത്. എന്നാൽ അവരെ നേർമാർഗ്ഗത്തിലേക്ക് കൊണ്ടുവരേണ്ട മസീഹിനെ സ്വീകരിക്കാൻ ഇവർ തയ്യാറല്ല. ഇസ്‌ലാമിനെ സേവിക്കുന്നതിനു പകരം ഇക്കൂട്ടർ ഇസ്‌ലാമിന് ദുഷ്പേരിന് കാരണമായിരിക്കുകയാണ്. ഇന്ന് ലോകത്ത് ഇസ്‌ലാമിന്നെതിരിൽ ഉയർന്ന് വരുന്ന ഇസ്‌ലാമിക വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഇസ്‌ലാമിന്റെ ധ്വജവാഹകരാണെന്ന് വീരവാദം മുഴക്കുന്ന ഇവരാണ് ഉത്തരവാദികൾ. ഇങ്ങിനെയുള്ള പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് ഇസ്‌ലാമിക ശത്രുക്കളുടെ സഹായികളായി ഇവർ മാറുകയാണ്. ഇസ്‌ലാമിക വിരുദ്ധ ശക്തികളുടെ ചട്ടുകങ്ങളായാണ് ഇവർ വർത്തിക്കുന്നത്. ഇവരുടെ ബുദ്ധി മുരടിച്ചുപോയിരിക്കുന്നു. സ്വന്തം ഇരിക്കുന്ന കൊമ്പാണ് ഇവർ വെട്ടുന്നത്. ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കാൻ ഇവർ ശ്രമിക്കുന്നു. ഇവർക്ക് ഇസ്‌ലാമിനെ അവസാനിപ്പിക്കാൻ കഴിയില്ല. വിജയിക്കാനും വ്യാപിക്കാനും വളരാനുമാണ് ഈ മതം വന്നിരിക്കുന്നത്. إِنْ شَاءَ اللهُ ഇത് വളരും. അല്ലാഹു വാഗ്ദത്ത മസീഹിനെ ഇക്കാലത്ത് അയച്ചത് ഇതിനുവേണ്ടിയാണ്. അദ്ദേഹം അല്ലാഹുവിന്റെ ഫയൽമാനായി വന്നു. ഇന്ന് അദ്ദേഹത്തിന്റെ ജമാഅത്ത് തിരുനബി ﷺ യുടെ ദീൻ ലോകത്തെല്ലായിടത്തും പ്രചരിക്കുന്നതിനായി കഠിനപ്രയത്നം ചെയ്യേണ്ടിയിരിക്കുന്നു. തിരുനബി ﷺ യുടെ ദീൻ ലോകത്തിന്റെ കോണുകളോളം എത്തിക്കേണ്ടിയിരിക്കുന്നു. إِنْ شَاءَ اللهُ നാം ഇത് ചെയ്തുകൊണ്ടിരിക്കുന്നതാണ്.

എന്റെ ആദ്യ വിഷയത്തിലേക്ക് ഞാൻ തിരിച്ചുവരികയാണ്. ശത്രുക്കളുടെ കുതന്ത്രങ്ങൾ പാക്കിസ്ഥാനിലും ഇന്ത്യയിലും ചില ആഫ്രിക്കൻ നാടുകളിലും എല്ലാം നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇന്തോനേഷ്യയിൽ കഴിഞ്ഞ ദിവസം ഒരു ദ്വീപിൽ അഹ്മദികൾക്കെതിരിൽ വലിയ കുഴപ്പം നടക്കുകയുണ്ടായി. കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഈ അഹ്മദികളിൽ മർദ്ദനം അഴിച്ചുവിടുകയും അവരെ അവരുടെ വീടുകളിൽനിന്ന് പുറത്താക്കുകയും വീടുകൾ തകർക്കുകയും കത്തിക്കുകയും എല്ലാം ചെയ്തിരുന്നു. എന്നാൽ കുറച്ച് കാലങ്ങൾക്ക് ശേഷം ഗവർമെന്റിന്റെ നിർദ്ദേശപ്രകാരം സ്വന്തം വീടുകളിലേക്ക് തിരിച്ച് വന്നപ്പോൾ ചില ഗവർമെന്റുകൾ സഹായധനം നൽകുന്ന അതേ മുല്ലവർഗ്ഗം അവരുടെ വീടുകളെ കത്തിക്കുകയുണ്ടായി. അവരെ അടിക്കുകയും അക്രമിക്കുകയും ചെയ്തു. ഇതുകാരണം ഗവർമെന്റ് അവരോട് പറഞ്ഞു. നിങ്ങൾ നിന്നിരുന്ന സ്ഥലത്തേക്ക് തന്നെ തിരിച്ചുചെല്ലുക. അങ്ങിനെ അവർക്ക് അവരുടെ സ്വത്തും വീടും എല്ലാം ഉപേക്ഷിക്കേണ്ടതായി വന്നു.

ഇങ്ങിനെയുള്ള മർദ്ദനങ്ങൾ അഴിച്ചുവിടുമ്പോൾ വിശ്വാസികൾ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടും. അവർ കൂടുതലായി കുമ്പിട്ടുകൊണ്ടേയിരിക്കും. നമ്മുടെ വിജയത്തിനുള്ള ഒരേ ഒരു ആയുധം ഇത് മാത്രമാണ്. ദുആയാകുന്ന ആയുധം മാത്രമാണ്. ഈ അക്രമം അഴിച്ചുവിടുന്നവർ ഇന്ന് തങ്ങളാണ് എല്ലാത്തിനും അധീനർ എന്ന് കരുതുന്നു. ഒരു കാലം വരും അന്ന് ഇവർ മർദ്ദിതരായ വിശ്വാസികളുടെ കീഴിൽ വരുന്നതാണ്. إِنْ شَاءَ اللهُ

നമ്മുടെ വിജയത്തിനുള്ള ആയുധം ഈ ദുആയാണ്. ശത്രുവിന്റെ കുതന്ത്രങ്ങൾ അവരിലേക്ക് തന്നെ തിരിച്ചുവിടുന്നതും ഈ ഒരായുധം തന്നെയാണ്. ഇതല്ലാതെ നമ്മുടെ കൈവശം മറ്റൊന്നുമില്ല. എത്രമാത്രം ആവേശത്തോടും ശക്തിയോടുംകൂടി നാം ഈ ആയുധം പ്രയോഗിക്കുമോ അത്രയും വേഗത്തിൽ അഹ്മദിയ്യത്തിന്റെ വിജയത്തിന്റെ ദൃശ്യം നാം കാണുന്നതാണ്.

ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. നാം കരസ്ഥമാക്കാൻ ഉദ്ദേശിക്കുന്ന ഓരേയൊരു ലക്ഷ്യവും ദുആമുഖേന മാത്രമേ കരസ്ഥമാകുകയുള്ളൂ. ദുആയിൽ വലിയ വലിയ ശക്തി അടങ്ങിയിരിക്കുന്നു. അല്ലാഹു എന്നോട് വിവിധ ഇൽഹാമുകളിലൂടെ പറഞ്ഞിരിക്കുന്നത് എന്തു തന്നെ ഇവിടെ നടക്കണമെങ്കിലും ദുആ മുഖേന മാത്രമേ നടക്കുകയുള്ളൂ. നമ്മുടെ ആയുധം ദുആ മാത്രമാണ്. ഇതല്ലാതെ മറ്റൊരായുധവും നമ്മുടെ പക്കലില്ല. നാം രഹസ്യമായി ചോദിക്കുന്നതെന്തും അല്ലാഹു പ്രത്യക്ഷമായി കാണിച്ചുതരുന്നു. ഇസ്‌ലാമിന്നായി ഇപ്പോൾ ഈ ഒരു മാർഗ്ഗം മാത്രമേ ഉള്ളൂ. പക്ഷെ അൽപജ്ഞാനികളായ മുല്ലാക്കളും തത്വചിന്തകന്മാരും ഇതിന്റെ പൊരുൾ മനസ്സിലാക്കുന്നില്ല. യുദ്ധത്തിനുള്ള മാർഗ്ഗം നമുക്കായി തുറക്കപ്പെട്ടിരുന്നെങ്കിൽ അതിനുള്ള സർവ്വവിധ സാധനസാമഗ്രികളും നമുക്ക് ലഭിക്കുമായിരുന്നു. നമ്മുടെ ദുആകൾ അതിന്റെ ലക്ഷ്യസ്ഥാനത്ത് എത്തിക്കഴിഞ്ഞാൽ വ്യാജന്മാർ സ്വയം നശിച്ചോടുങ്ങുന്നതാണ്. പ്രാർത്ഥനയെക്കാളും മൂർച്ചയുള്ള മറ്റൊരായുധവും നമ്മുടെ പക്കലില്ല. ഇക്കാര്യം മനസ്സിലാക്കുന്നവൻ

ഭാഗ്യവാൻ. അല്ലാഹു ഇക്കാലത്ത് ദീനിനെ വിജയിപ്പിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന മാർഗ്ഗമതാണ്.

ഈ ആയുധം നാം ഉപയോഗിക്കണം. ഇതിനെ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ നാം പരിശ്രമിക്കേണ്ടതാണ്. അതുകൊണ്ട് നീഗൂഢനായ അല്ലാഹുവിൽ അലിഞ്ഞുചേരണമെങ്കിൽ നാം നമ്മുടെ ഫർളുകൾക്ക് പുറമെ നഫലുകളും പ്രാർത്ഥനകളും അതിന്റെ ഉന്നതങ്ങളിൽ എത്തിക്കാൻ പരിശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ദുആയുടെ പ്രാധാന്യത്തെക്കുറിച്ച് മസീഹ് മൗഊദ് عليه السلام ന്റെ ചില വരികൾ കേൾപ്പിക്കാം. പറയുന്നു, ഏറ്റവും ഉത്തമമായ ദുആ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനും തിന്മയിൽ നിന്ന് മോചനം ലഭിക്കുന്നതിനും വേണ്ടിയുള്ളതാണ്. അല്ലാഹു തൃപ്തിപ്പെടണം, തിന്മയിൽ നിന്ന് മോചനം ലഭിക്കണം, ഇങ്ങിനെയാണെങ്കിൽ ഒരു വിശ്വാസിയുടെ മറ്റു ദുആകളും സ്വീകരിക്കപ്പെടുന്നതാണ്.

പറയുന്നു. നമ്മുടെ അടിസ്ഥാനം തന്നെ ദുആയിലാണ്. ഒരു വിശ്വാസിയുടെ ഏത് പ്രവർത്തനത്തിലും വിജയം കൈവരിക്കാനുള്ള ആയുധം ദുആയാണ്. അല്ലാഹു ദുആ ചെയ്യാൻ വിശ്വാസിയോട് താക്കീത് ചെയ്യുന്നു. അല്ലാഹു വിശ്വാസിയുടെ പ്രാർത്ഥന പ്രതീക്ഷിച്ചിരിക്കയാണ്. അല്ലാഹു, വിശ്വാസി എന്നോട് എപ്പോഴാണ് ദുആ ചെയ്യുന്നത് എന്നും ഉടനെ ഞാനത് അവന് നൽകണമെന്നും പ്രതീക്ഷിച്ചിരിക്കുകയാണ്. ദുആ അതിന്റെ നിബന്ധനയോടുകൂടി ആയിരിക്കണമെന്ന് മാത്രം. ദുആയുടെ ഉദാഹരണം ഒരു തെളിഞ്ഞ നീരുറവയെപ്പോലെയാണ്. ആ ഉറവയുടെ അടുത്ത് ഒരു വിശ്വാസി ഇരിക്കുന്നു. അവന് എപ്പോൾ വേണമെങ്കിലും അതിൽ നിന്നും പാനം ചെയ്യാവുന്നതാണ്. ഒരു മത്സ്യത്തിന് വെള്ളമില്ലാതെ ജീവിക്കാൻ കഴിയാത്തതുപോലെ ഇതുപോലെ വിശ്വാസിയുടെ ജീവജലം ദുആയാണ്. ഇതില്ലാതെ അവന് ജീവിക്കാൻ സാധ്യമല്ല. ഈ ദുആയുടെ യഥാർത്ഥ സ്ഥാനം നമസ്ക്കാരമാണ്. അതിൽ ആനന്ദാനുഭൂതികൾ വിശ്വാസിക്ക് ലഭിക്കുന്നു. ഈ ആനന്ദാനുഭൂതി ഒരു സുഖലോലുപനായ വ്യക്തിക്ക് തന്റെ ഭൗതിക സുഖാഢംബരങ്ങളിൽ അനുഭവിക്കുന്ന സുഖാനന്ദവുമായി തട്ടിച്ചുനോക്കുമ്പോൾ ഒന്നുമല്ല. ദുആ മുഖേന ലഭിക്കുന്ന വലിയ നേട്ടം ദൈവസാമിപ്യമാണ്. ദുആ മുഖേന മനുഷ്യൻ അല്ലാഹുവിന്റെ സമീപത്തെത്തുന്നു. അവനെ അല്ലാഹു തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു. വിശ്വാസിയുടെ ദുആയിൽ പൂർണ്ണമായ ആത്മാർത്ഥതയും ദൈവത്തിൽ വിലയം പ്രാപിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമായിക്കഴിഞ്ഞാൽ അല്ലാഹുവിന്ന് അവനോട് കരുണ തോന്നുന്നു. അല്ലാഹു അവന്റെ സംരക്ഷകനായിത്തീരുന്നു.

പറയുന്നു. ഓർക്കുക. ദുആ എന്നത് അമൂല്യധനമാണ്. ദുആ ഉപേക്ഷിക്കാനാണ് ദീനിലും ദുൻയാവിലും ആപത്തുകൾ വരുന്നതല്ല. അങ്ങനെയുള്ളവർ സായുധരായ കാവൽക്കാർ എപ്പോഴും പാറാവ് നിൽക്കുന്ന സുരക്ഷിത കോട്ടക്കകത്താണുള്ളത്.

ഇക്കാലത്ത് ദുആയുടെ ആയുധമാണ് ഏറ്റവും ഉത്തമമായ ആയുധം. ഇത് മസീഹ് മൗഊദ് عليه السلام ന് നൽകപ്പെട്ടിരിക്കുകയാണ്.

ലേഖറാം അവന്റെ പര്യവസാനം കണ്ടത് ദുആയുടെ ആയുധം മുഖേനയായിരുന്നു. ഡൂയിയുടെ ദുർമരണവും ഇതുമുഖേന ലോകം കണ്ടു. ആ മഹാത്മാവിന്റെ എതിർപ്പിൽ മുൻകടന്ന ഓരോരുത്തരും നിന്ദ്യതക്കും നികൃഷ്ടതക്കും കാരണമാകുകയുണ്ടായി. ഖാദിയാനെ നശിപ്പിച്ചുകളയും എന്ന വീരവാദം മുഴക്കിവരേയും ദുആ മുഖേനയാണ് നേരിട്ടത്. അവരുടെ വാദം തകർന്നടിയുകയും ചെയ്തു. അഹ്മദിയ്യത്തിന്റെ കൈകളിൽ ഭിക്ഷപാത്രം പിടിപ്പിക്കാൻ ശ്രമിച്ചവരേയും അഹ്മദിയ്യത്ത് ക്യാൻസർ എന്ന് പറഞ്ഞ്കൊണ്ട് ഇതിനെ നശിപ്പിക്കാൻ ശ്രമിച്ചവരേയും ഇല്ലാതാക്കിയതും ദുആയായിരുന്നു. അവരുടെ നാമവും അടയാളവും പോലും വിസ്മൃതിയിലായി. ഇന്നും إِنْ شَاءَ ٱللَّٰهُ എതിരാളികളുടെ കൊടുങ്കാറ്റുകൾ ഈ ദുആ മുഖേന എതിരാളികളിൽ തിരിച്ചടിക്കുന്നതായിരിക്കും. അഹ്മദിയ്യത്ത് വിജയത്തിന്റെ പുതിയ പടവുകൾ കയറുന്നത് ലോകം കാണുന്നതാണ്.

അതുകൊണ്ട് നാം ഇന്നും ദുആയിൽ കൂടുതൽ താൽപര്യവും ശ്രദ്ധയും ആവേശവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞതുപോലെ അതിന്റെ യഥാർത്ഥ സ്ഥാനം നമസ്കാരമാണ്. നമ്മുടെ നമസ്ക്കാരത്തെ മനോഹരമാക്കി മാറ്റുക. ഞാൻ പറഞ്ഞതുപോലെ അഹ്മദിയ്യത്തിന്റെ വിജയത്തിനും കഷ്ടപ്പെടുന്ന അഹ്മദികൾക്കും വേണ്ടി രണ്ട് റകഅത്ത് നമസ്ക്കരിക്കുക. ഓരോ അഹ്മദിയും തന്നിൽ ഇത് നിർബന്ധമാക്കുക. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തന്റെ കാലത്ത് പറഞ്ഞിരുന്നു. ചുരുങ്ങിയത് രണ്ട് റകഅത്ത് നിങ്ങൾ നിങ്ങളിൽ നിർബന്ധമാക്കുക. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഈ വാക്കുകൾ എപ്പോഴും ഓർമ്മവെക്കുക. വിശ്വാസിയുടെ ദുആയിൽ പൂർണ്ണമായും ആത്മാർത്ഥതയും ദൈവത്തിൽ പൂർണ്ണമായും ലയിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടായിക്കഴിഞ്ഞാൽ, അല്ലാഹുവിൽ അലിഞ്ഞുചേരുമ്പോൾ അല്ലാഹുവിന് അവരോട് കാരുണ്യം തോന്നുന്നതാണ്. ഈ ആത്മാർത്ഥതയും ദൈവത്തിൽ അലിഞ്ഞുചേരലും ഉണ്ടാക്കാൻ ഓരോ അഹ്മദിയും ശ്രമിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ ഫള്ലിനേയും അനുഗ്രഹത്തേയും മുമ്പത്തേക്കാളുപരി അവർ സമീപസ്ഥമായി കാണുന്നതാണ്. ആ ആത്മാർത്ഥതയും വിലയവും കരസ്ഥമാക്കാൻ അല്ലാഹുവിൽ ഗോപ്യമാക്കേണ്ട ആവശ്യമുണ്ട്. ആ സ്നേഹനിധിയിൽ തങ്ങളെ ലയിപ്പിക്കണം. നമ്മുടെ അവസ്ഥ ഇതായിക്കഴിഞ്ഞാൽ ലോകരുടെ എല്ലാ ഉപദ്രവങ്ങളിൽ നിന്നും നാമും സുരക്ഷിതരായിത്തീരും. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞതുപോലെ എപ്പോഴും സായുധരായ കാവൽക്കാരുള്ള ആ കോട്ടക്കുള്ളിൽ നാം സുരക്ഷിതരായിരിക്കും. അല്ലാഹു ഈ കാര്യം മനസ്സിലാകുന്നതിനും ഈ മഹത്തായ പ്രവർ ത്തനം ചെയ്യുന്നതിനുമുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഒരു ഉദ്ധരണി ഇപ്രകാരമാണ്. ഓർക്കുക ശരിക്കും സൂക്ഷ്മത കൈക്കൊള്ളാത്തതുവരെ ഒരാൾക്കും ദുആയിൽ നിന്നും ഫലമെടുക്കാൻ കഴിയില്ല. അതോടൊപ്പം സ്ഥിരചിത്തതയോടെ ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹുവിനെക്കുറിച്ച് ഒരിക്കലും ദുർധാരണയോ തെറ്റിദ്ധാരണയോ ഉണ്ടാവരുത്. അവനെ സർവ്വശക്തികളുടേയും ലക്ഷ്യങ്ങളുടേയും ഉടമസ്ഥനായി മനസ്സിലാക്കുക. ഉറച്ച വിശ്വാസം ഉണ്ടായിരിക്കണം. അതോടൊപ്പം ക്ഷമയോടെ ദുആ ചെയ്തുകൊണ്ടിരിക്കുകയും വേണം. ഒരു സമയം വരും. അപ്പോൾ അല്ലാഹു അവന്റെ ദുആ സ്വീകരിക്കുന്നതാണ്. അവന് മറുപടി നൽകുകയും

ചെയ്യും. ഈ കുറിപ്പടി പ്രയോജനപ്പെടുത്തുന്നവർ ഒരിക്കലും നിർഭാഗ്യവാൻമാരായിരിക്കുകയില്ല. അവരുടെ ലക്ഷ്യത്തിൽ അവർ വിജയിക്കുന്നതാണ്. അല്ലാഹുവിന്റെ ശക്തിയും കഴിവും അനന്തമാണ്. മനുഷ്യസൃഷ്ടാവിന്റെ പൂർത്തീകരണത്തിന് ക്ഷമ എന്ന നിയമം അവൻ വെച്ചിട്ടുണ്ട്. ഈ നിയമം അവൻ മാറ്റില്ല. ഈ നിയമം തനിക്ക് വേണ്ടി മാറ്റണം എന്ന് വല്ലവരും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവൻ ദൈവസവിധത്തിൽ ധിക്കാരം പ്രവർത്തിക്കുന്നവനാണ്. അപമര്യാദയായി പെരുമാറുകയാണ് ചെയ്യുന്നത്. ഓർക്കുക ചിലർ അക്ഷമരായി പ്രവർത്തിക്കുന്നു. കൺകെട്ട്കാരനെപ്പോലെ ഉടനടി എല്ലാം ആയിത്തീരണമെന്ന് പ്രതീക്ഷിക്കുന്നു. ആരെങ്കിലും അക്ഷമരാകുന്നുണ്ടെങ്കിൽ അല്ലാഹുവിന് അതുമുഖേന എന്ത് നഷ്ടം വരുത്താനാണ് അവർക്ക് കഴിയുക. അവൻ സ്വയം നഷ്ടം വരുത്തിവെക്കുക മാത്രമാണ് ചെയ്യുന്നത്. അക്ഷമരായിക്കൊണ്ട് എന്ത് നേടാൻ സാധിക്കും. അല്ലാഹു എപ്പോഴും നമ്മെ ക്ഷമ കൈക്കൊള്ളുന്നവരായി അവന്റെ മുമ്പിൽ കുമ്പിടുന്നവരാക്കി മാറ്റട്ടെ. ദുആ ചെയ്യുന്നതിൽ ഒരിക്കലും നാം ക്ഷീണിച്ചുപോകാതിരിക്കട്ടെ. ക്ഷമ ഒരിക്കലും നമ്മിൽ നിന്നും അന്യമാകാതിരിക്കട്ടെ.

ക്ഷമ എന്നാൽ സ്ഥിരചിത്തതയോടെ ദുആ ചെയ്തുകൊണ്ടേ ഇരിക്കുക എന്നതാണ്. നമ്മുടെ ഉത്തരവാദിത്ത്വങ്ങളിൽ നിന്ന് ഒരിക്കലും പിന്നോട്ട് മാറരുത്. അല്ലാഹുവിനോട് ഇപ്രകാരം കൂടി ദുആ ചെയ്യുക. നമ്മുടെ ദുആയിലും നമ്മുടെ ഇബാദത്തിലും ഉയർച്ച നൽകുമാറാകട്ടെ. നമ്മുടെ ആരാധനകളിൽ അവന്റെ സ്നേഹം ഇട്ടുതരുമാറാകട്ടെ. ഇങ്ങനെ സ്ഥാനം നാം കരസ്ഥമാക്കിക്കഴിഞ്ഞാൽ ശത്രുക്കളുടെ ഈ താൽക്കാലിക സന്തോഷങ്ങൾ ദുഃഖത്തിൽ പരിവർത്തിക്കപ്പെടുന്നത് നമുക്ക് കാണാൻ സാധിക്കുന്നതാണ്. اِنۡ شَآءَاللّٰہُ ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഇത് തീർച്ചയായും പൂർത്തിയാകുന്നതാണ്.

വിശുദ്ധഖുർആനിലെ ഒരു ദുആ അവസാനമായി ഞാൻ കേൾപ്പിക്കാം

رَبَّنَآ اَفۡرِغۡ عَلَيۡنَا صَبۡرًا وَّ ثَبِّتۡ اَقۡدَامَنَا
وَانۡصُرۡنَا عَلَى الۡقَوۡمِ الۡكٰفِرِيۡنَ ﴿۲۵۰﴾

ഞങ്ങളുടെ നാഥാ ഞങ്ങളിൽ ക്ഷമ ധാരാളമായി ചൊരിയേണമേ. ഞങ്ങളുടെ കാലുകളെ നീ ഉറപ്പിച്ചു നിർത്തേണമേ. നിഷേധികളായ ജനതക്കെതിരിൽ ഞങ്ങളെ നീ സഹായിക്കേണമേ

## PRINTED BOOKS

**To**

**From**
**Incharge Khutba Section**
**AHMADIYYA MISSION HOSE**
**K.R.Road Karapparamba Calicut -10**


**വിവർത്തനം**
എം. നാസിർ അഹ്മദ് കൊടിയത്തൂർ
മുബല്ലിഗ് എറണാകുളം, **PHONE : 9497343704**

**KHUTBA:**
**HADHRAT MIRZA MASROOR AHMAD**
**KHALIFATUL MASIH - V**
**on 03 - 12 - 2010 at London**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**